**ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം**

നം.എൻ.എഫ്.റ്റി.ഡബ്ല്യൂ./318/2017/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 02.06.2017.

7112

## സർക്കുലർ

C 6

വിഷയം: പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അധ്യാപകരുടെ മക്കൾക്ക് ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ സ്കോളർഷിപ്പ് –അപേക്ഷ ക്ഷണിക്കുന്നത് –സംബന്ധിച്ച്.

സൂചന: 18.07.2017 തീയതിയിലെ എഫ്.നം.6–12/2017 നമ്പർ പ്രകാരം ലഭിച്ച ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കത്ത്.

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അധ്യാപകരുടെ മക്കൾക്ക് 2014–15 വർഷത്തെ ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരവും അപേക്ഷാ ഫോറവും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പൂരിപ്പിച്ച അപേക്ഷാ ഫോറവും അനുബന്ധരേഖകളും (2 കോപ്പി) 2017 ജൂലൈ മാസം 10–ാം തീയതിയ്ക്കുള്ളിൽ വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. **അസിസ്റ്റന്റ് സെക്രട്ടറി, ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ജഗതി, തിരുവനന്തപുരം**–14 എന്ന വിലാസത്തിൽ അയയക്കേണ്ടതും, അപേക്ഷയുടെ പുറത്ത് **'ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ സ്കോളർഷിപ്പ്'** എന്ന് രേഖപ്പെടുത്തേണ്ടതുമാണ്. അപൂർണ്ണവും, അനുബന്ധരേഖകൾ ഇല്ലാത്തതും, സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും തങ്ങളുടെ കീഴിലുള്ള പ്രഥമാദ്ധ്യാപകർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്. അപേക്ഷാഫാറം www.education.kerala.gov.in എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

സെക്രട്ടറി–ട്രഷറർ
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

നോട്ട്–വിദ്യാഭ്യാസ ആഫീസർമാർ ഈ സർക്കുലർ പ്രഥമാധ്യാപക യോഗത്തിൽ വായിക്കുകയും സ്വവിദ്യാലയത്തിലെ അധ്യാപകരെ മുഴുവൻ ഇക്കാര്യം അറിയിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വിലാസം

അസിസ്റ്റന്റ് സെക്രട്ടറി,
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ,
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തിരുവനന്തപുരം–14 ഫോൺ– 0471–2580574

2.6.17

പുറപ്പെടുവിച്ച കത്ത് നം. ബി6/7112/17 തീയതി: 13/06/17

സർക്കുലറിന്റെ പകർപ്പ് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടെ അറിവിലേക്കും അനന്തര നടപടിയ്ക്കുമായി നൽകുന്നു. ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷൻ സ്കോളർഷിപ്പ് സംബന്ധിച്ച് എല്ലാ പ്രധാനാധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്.

Forwarding the circular to all Edl. offices

2.6.17

13/6/17

ACCOUNTS OFFICER, IN FAC OF